**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4263 — 24.10.2016 ൽ മറുപടിക്ക്

**ആർദ്രം മിഷൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, പി.ടി. തോമസ്<br>,, കെ.സി.ജോസഫ്<br>,, അൻവർ സാദത്ത് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കാൻ 'ആർദ്രം മിഷൻ' കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ ചികിത്സാസംവിധാനങ്ങളെ കൂടുതൽ രോഗി സൗഹൃദമാക്കുക. അതിനായി ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | എന്തെല്ലാം കർമ്മ പരിപാടികളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഒ.പി.സംവിധാനം കാര്യക്ഷമമാക്കാനും (ഒ.പി.ട്രാൻസ്ഫർമേഷൻ) ആശുപത്രിയിലെ പ്രധാന സേവനസ്ഥലങ്ങളായ ഐ.പി.വാർഡുകൾ, ലേബർ റൂമുകൾ, ഓപ്പറേഷൻ തിയറ്ററുകൾ, ഫാർമസി, ലബോറട്ടറി തുടങ്ങിയവയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തലും, രോഗീ സൗഹാർദ്ദമാക്കലും.<br><br>ആരോഗ്യവകുപ്പിലെ ജില്ല, താലൂക്ക്, ബ്ലോക്ക് പഞ്ചായത്ത് തല ആരോഗ്യസ്ഥാപനങ്ങളിൽ നിശ്ചിതമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ചികിത്സാസംവിധാനങ്ങൾ വിപുലപ്പെടുത്തൽ. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ അധികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പുതുതായ തസ്തികകൾ സൃഷ്ടിക്കൽ എന്നിവയും ഉദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകൾ ആക്കി മാറ്റൽ, സംസ്ഥാനത്ത് രോഗാതുരതയിൽ വന്ന മാറ്റങ്ങൾ |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ സേവനമേഖല കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് അധിക പരിശീലനം നടത്തിക്കൊണ്ടും, പി.എച്ച്.സി.കളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടും ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ ചെലവ് എത്രയാണ്; ഇതിനുള്ള ധനസമാഹരണം എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (സി) & (ഡി) | പദ്ധതി സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടത്തി വരികയാണ്. അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ അടിസ്ഥാന സമ്പത്തും മാനവശേഷിയും പ്രസ്തുത പദ്ധതി പ്രഖ്യാപിക്കുമ്പോൾ പരിഗണിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ